## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

29.06.2012 ൽ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 434

## കൃഷിഭവനുകളിൽ കമ്പ്യൂട്ടർവൽക്കരണവും ഇന്റർനെറ്റ് സംവിധാനവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.ജോർജ്ജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ഡോ.എൻ.ജയരാജ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കൃഷിഭവനുകൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുവോ ; | (എ) ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) ഈ സംവിധാനം ഏർപ്പെടുത്തുക വഴി കൃഷിക്കാർക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭ്യമാകുക; വിശദാംശങ്ങൾ നൽകുമോ ; | (ബി) 1) കമ്പ്യൂട്ടർവൽക്കരണവും ഇന്റർനെറ്റ് സംവിധാനവും നിലവിൽ വരുന്നതോടു കൂടി കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ, കൃഷിഭവനുകളുടെ പ്രവർത്തനങ്ങൾ എന്നിവ കൂടുതൽ സുതാര്യവും കാര്യക്ഷമവും ആകുന്നതാണ്.<br>2) ഓരോ കർഷകരുടേയും വിവരങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്തു കൊണ്ട് ആരംഭിച്ചിട്ടുള്ള കർഷക രജിസ്ട്രേഷൻ പദ്ധതി പൂർണ്ണമായി നിലവിൽ വരുന്നതോടെ കർഷകർക്കുള്ള സേവനങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാകുന്നതാണ്.<br>3) ദേശീയ ഇ-ഗവേർണൻസ് പദ്ധതിയുടെ ഭാഗമായി വിത്തു മുതൽ വിപണി വരെയുള്ള കാർഷിക വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ കൃഷി പോർട്ടൽ സജ്ജീകരിക്കുന്നു. ഇതിലൂടെ കാർഷിക കാലാവസ്ഥ, വിത്ത്, വളം, കീടനാശിനി എന്നിവയുടെ വിവരങ്ങളും ലഭ്യതയും അറിയുവാനും ആധുനിക കൃഷി രീതികൾ, കാർഷിക യന്ത്രങ്ങൾ, ജൈവ കൃഷി രീതി, സർട്ടിഫിക്കേഷൻ, വിപണന സംവിധാനം എന്നിവയെക്കുറിച്ച് അറിയുവാനും സാധിക്കുന്നു. |

4) കർഷകരേയും കൃഷിയെയും സംബന്ധിച്ച എല്ലാ വിവരങ്ങളും കൃഷിഭവനിൽ ലഭ്യമാകുന്നു. ഇത് വിവിധ കാർഷിക പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കുന്നു.

5) കർഷകർക്കുള്ള സാമ്പത്തിക സഹായങ്ങൾ ഭാവിയിൽ അവരവരുടെ ബാങ്ക് അക്കൗണ്ടുകളിൽ തന്നെ ലഭ്യമാകും.

6) പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലങ്ങളിലും സംസ്ഥാനതലത്തിലും കാർഷിക പദ്ധതികളുടെ ഫലപ്രദമായ ആസൂത്രണത്തിന് വഴിയൊരുക്കും. ഇത് കർഷകർക്ക് അനുഗ്രഹമാകും.

7) വിവര-വിനിമയ സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന വിവിധ സേവനങ്ങൾ കർഷകർക്കും ലഭ്യമാകുന്നു. വിജ്ഞാന വ്യാപനം കൂടുതൽ ഫലപ്രദമാകുന്നു.

(സി) കൃഷിഭവനുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടികൾ നിലവിൽ ഏത് ഘട്ടം വരെയായെന്ന് അറിയിക്കാമോ ?

(സി) സംസ്ഥാനത്തെ കൃഷിഭവനുകൾ, കൃഷി ഫാമുകൾ എന്നിവ ഉൾപ്പെടെ കൃഷി വകുപ്പുമായി ബന്ധപ്പെട്ട മൊത്തം 1365 ഓഫീസുകളിൽ 1325 ഓഫീസുകളിലും കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട്. ദേശീയ ഇ-ഗവേർണൻസ് പദ്ധതിയിൽ ജില്ലാ, ബ്ലോക്ക്, സംസ്ഥാനതലങ്ങളിലായി 422 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.